www.malankaralibrary.com

# കാരുണികൻ

Vol.18 No. 10 Oct. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



വചനബോധി

മലങ്കര

www.malankaralibrary.com

പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

# വചനബോധി
## സീറോമലങ്കര

## ഉള്ളടക്കം

**നവംബർ 07**
**ഹൂദോസ്ഈത്തോ ഞായർ : 73**
യോഹ 2:13-22
- ഡോ. പോൾ കുഞ്ഞാനയിൽ MCBS
- ഡോ. ജോൺ. എഫ്. ചെറിയവെളി VC

**നവംബർ 14**
**സ്കറിയായോടുള്ള അറിയിപ്പ് : 79**
ലൂക്കാ 1:5-25
- ഡോ. പോൾ കുഞ്ഞാനയിൽ MCBS
- ഫാ. ജോബി മേനോത്ത്

**നവംബർ 21**
**ദൈവമാതാവിനോടുള്ള അറിയിപ്പ് : 85**
ലൂക്കാ 1:26-38
- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ

**നവംബർ 28**
**ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു : 93**
ലൂക്കാ 1:39-56
- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഫാ. അബ്രഹാം തോമസ് മുരുപ്പേൽ

www.malankaralibrary.com


# നവംബർ 07
# ഹൂദോസ് ഈത്തോ ഞായർ

## ഭാഷ്യം

### യോഹ 2:13-22

## സന്ദർഭം

വിശുദ്ധ യോഹന്നാൻ സുവിശേഷത്തിലെ ആദ്യ രണ്ട് അധ്യായങ്ങൾ പഴയനിയമത്തിലെ ആദ്യഗ്രന്ഥമായ ഉത്പത്തിയിലെ സൃഷ്ടിയുടെ വിവരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. തന്റെ ആദ്യശിഷ്യന്മാരെ വിളിച്ച് സഭാസമൂഹത്തെ സൃഷ്ടിച്ചതിനുശേഷം (1:29-51), പഴയനിയമത്തെ പ്രതിനിധാനം ചെയ്യുന്ന ആറു കൽഭരണികളിൽ പുതുവീഞ്ഞാകുന്ന പുതിയനിയമം നൽകിയതിനുശേഷം, മിശിഹായുടെ ദൗത്യമായ പുതിയ ദൈവാലയനിർമാണത്തെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

## സാരം

ഈശോ ജറുസലെം ദൈവാലയം ശുദ്ധീകരിക്കാനായി തിരഞ്ഞെടുക്കുന്നത് പെസഹാത്തിരുനാളിന്റെ പശ്ചാത്തലമാണ്. പഴയനിയമത്തിലെ ഉടമ്പടി ജനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചതിന്റെ ഏറ്റവും അടുത്ത ഒരുക്കം ആരംഭിക്കുന്നത് ആദ്യപെസഹായിലാണ്. അത് അടിമത്ത്വത്തിൽനിന്നും അവർക്ക് മോചനം നൽകി. ദൈവാലയത്തിലെ കച്ചവടം ദൈവജനം അടിമത്ത്വത്തിന്റെ ചങ്ങലകളാൽ വീണ്ടും ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് നമുക്ക് നൽകുന്നത്.

www.malankaralibrary.com

അതിൽനിന്നും മോചനം നേടിയെടുക്കാതെ ദാവീദിന്റെ പുത്രനായ മിശിഹാ നിർവഹിക്കേണ്ട ദൈവാലയ നിർമ്മാണം (cf. 2 സാമു 7:13) സാധ്യമല്ല. കച്ചവടക്കാരെ കച്ചവടവസ്തുക്കളോടും ഉപകരണങ്ങളോടുംകൂടി പുറത്താക്കുന്ന ഈശോ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും അനിവാര്യമായ ശുദ്ധീകരണപ്രക്രിയയാ ണ് ഓർമപ്പെടുത്തുന്നത്.

## സന്ദേശം

ഈശോ തന്റെ ദൗത്യമായ ദൈവാലയനിർമാണം നിർവഹിക്കുന്നത് ഉത്ഥാനത്തിലേക്കു നയിച്ച സഹനമരണങ്ങളിലൂടെയാണ്. സ്വയം ബലിയർപ്പിച്ച അവിടുന്ന് തന്നെത്തന്നെ ദൈവാലയമാക്കി പടുത്തുയർത്തി. ആത്മത്യാഗത്തിന്റെ ഉപ്പു ചേർക്കാതെ ബലിയർപ്പണം സാധ്യമല്ലല്ലോ. തകർക്കപ്പെടൽ പടുത്തുയർത്തലിന്റെ മുന്നോടിയാണ്. തിരുവചനങ്ങൾ വിവരിക്കുന്ന ഈ രക്ഷാകരരഹസ്യങ്ങൾ ജീവിതത്തിൽ സ്വായത്തമാക്കുമ്പോൾ ക്രിസ്തു നിർമിച്ച സ്വർഗീയ ദൈവാലയത്തിന്റെ ഭാഗമായി നാമോരോരുത്തരും രൂപാന്തരപ്പെടും.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

www.malankaralibrary.com

# പ്രസംഗം

## ശുദ്ധീകരണത്തിന്റെ സുവിശേഷം

നാല് സുവിശേഷങ്ങളിലും ദൈവാലയ ശുദ്ധീകരണസംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദരുടെ പെസഹാത്തിരുന്നാളിന്റെ അവസരത്തിലാണ് ഈ സംഭവം നടക്കുന്നത്.

മൂന്ന് പെസഹാ തിരുനാളുകൾക്കും യേശു ജറുസലെമിൽ പോയതായി വിശുദ്ധ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ആദ്യത്തേതാണിത്. 'ദൈവാലയത്തിന്റെ പെസഹാ'യെന്ന് ഇതിനെ വിളിക്കാം. 6:4-ലുള്ളത് 'അപ്പത്തിന്റെ പെസഹാ'യാണ്. 13:1- ൽ 'കുഞ്ഞാടിന്റെ പെസഹാ'യും.

പെസഹാ തിരുനാളിനായിവരുന്ന അവസരത്തിലാണ് യഹൂദരിൽ അധികംപേരും ശുദ്ധീകരണകർമങ്ങളും ദശാംശ സമർപ്പണവും നടത്തിയിരുന്നത്. ശുദ്ധീകരണാനുഷ്ഠാനത്തിനായി ധാരാളം കന്നുകാലികളെയും പ്രാവുകളെയും വില്പനയ്ക്കായി വച്ചിരുന്നു. (ശിശുവായ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ച കാര്യം നമുക്ക് ഓർക്കാം). പലസ്തീനായ്ക്ക് പുറത്തുനിന്ന് വരുന്നവർക്ക് പണം മാറ്റിയെടുക്കേണ്ടതുണ്ടായിരുന്നു. അതിനാൽ ധാരാളം നാണയമാറ്റക്കാരെയും എങ്ങും കാണാമായിരുന്നു. ജറുസലെം ദൈവാലയത്തിന് പല ഭാഗങ്ങൾ ഉണ്ടായിരുന്നു. വിജാതിയർക്ക് പ്രാർത്ഥിക്കാനായി മാറ്റിവയ്ക്കപ്പെട്ട സ്ഥലത്താണ് ഈ കച്ചവടത്തിൽ അധികവും നടന്നിരുന്നത്. കച്ചവടക്കാരായി വിജാതിയരും ഉണ്ടായിരുന്നു. യഹൂദ നേതാക്കന്മാർക്കാണ് വരുമാനത്തിൽ അധികഭാഗവും ലഭിച്ചിരുന്നത്.

ഏശയ്യാ പ്രവാചകൻ പറഞ്ഞു: 'എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമെന്ന് അറിയപ്പെടും. ഇസ്രായേലിൽനിന്ന് പുറംതള്ളപ്പെട്ടവരെ തിരികെ കൊണ്ടുവരുന്ന ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഇതുവരെ ശേഖരിച്ചതു കൂടാതെ ബാക്കിയുള്ളവരെയും ഞാൻ ശേഖരിക്കും' (ഏശ 56 : 7-8). യഹൂദർക്ക് മാത്രം

www.malankaralibrary.com

പ്രാർത്ഥിക്കാനുള്ളതായിരുന്നില്ല ജറുസലെം ദൈവാലയം, എന്ന് വ്യക്തം. സഖറിയ 14:21 ലും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. വിജാതിയർ (യഹൂദർ അല്ലാത്തവർ) ജറുസലെമിൽ പ്രാർത്ഥിക്കാനായി വരേണ്ടയെന്നൊരു ദുശ്ചിന്തകൂടി ചില യഹൂദനേതാക്കന്മാർക്ക് ഉണ്ടായിരുന്നു. ഈ സംഭവം വിവരിക്കുമ്പോൾ വിശുദ്ധ മത്തായി എഴുതി, യേശു അവിടെയുണ്ടായിരുന്ന യഹൂദ പ്രമാണിമാരെ നോക്കിപ്പറഞ്ഞു: 'എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു' (മത്താ 21: 13).

ദൈവാലയം അശുദ്ധമാക്കപ്പെടുന്നത് അതിനകത്തുള്ള കച്ചവടത്തിലൂടെ മാത്രമല്ല. പാപത്തിൽ ജീവിച്ച് പശ്ചാത്തപിക്കാതെ ഒരു വ്യക്തി ദൈവാലയത്തിൽ എത്തുമ്പോൾ കൂടിയാണ്. "നിങ്ങൾ മോഷ്ടിക്കുകയും കൊല്ലുകയും വ്യഭിചാരം ചെയ്യുകയും കള്ളസാക്ഷി പറയുകയും ബാലിനു ധൂപമർപ്പിക്കുകയും നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത ദേവൻമാരെ പിഞ്ചെല്ലുകയും ചെയ്യുന്നു. എന്നിട്ട് എന്റെ നാമത്തിലുള്ള ഈ ആലയത്തിൽ എന്റെ സന്നിധിയിൽ, വന്നുനിന്നു ഞങ്ങൾ സുരക്ഷിതരാണെന്നു പറയുന്നുവോ? ഈ മ്ലേച്ഛതകളെല്ലാം സുരക്ഷിതമായി തുടരാമെന്നോ? എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ? ഇതാ ഞാൻ, ഞാൻ തന്നെ ഇതു കാണുന്നുണ്ട്- കർത്താവ് അരുളിച്ചെയ്യുന്നു. എന്റെ നാമം ഞാൻ ആദ്യം പ്രതിഷ്ഠിച്ച ഷീലോയിൽ ചെന്നുനോക്കു വിൻ. എന്റെ ജനമായ ഇസ്രായേലിന്റെ ദുഷ്ടതമൂലം ഞാൻ അവിടെ എന്താണുചെയ്തതെന്നു കാണുവിൻ" (ജറെ 7:9-12).

വിശുദ്ധ യോഹന്നാൻ ഈ സംഭവം വിവരിക്കുമ്പോൾ ഒരു പ്രത്യേക ലക്ഷ്യമുണ്ടായിരുന്നു. പീഡകൾ സഹിച്ച് മരിച്ച് ഉത്ഥിതനായ യേശുവാണ് യഥാർത്ഥ ദൈവാലയമെന്ന് വ്യക്തമാക്കുകയായിരുന്നു അത്. ഈ വിവരണം വിശുദ്ധ യോഹന്നാൻ അവസാനിപ്പിക്കുന്നത് യേശു വിന്റെ ഉയിർപ്പിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. അവൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവന്റെ ശിഷ്യൻമാർ അവൻ ഇതു പറഞ്ഞിരുന്നുവെന്ന് ഓർമിക്കുകയും അങ്ങനെ, വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ച വചനവും വിശ്വസിക്കുകയും ചെയ്തു.'

www.malankaralibrary.com

എന്നിൽ വസിക്കുക (യോഹ.15:4), വചനത്തിൽ വസിക്കുക (യോഹ. 8:31) എന്നെല്ലാം യേശു പറഞ്ഞതായി നാം പുതിയനിയമത്തിൽ വായിക്കുന്നുണ്ട്. ഒരു ദൈവാലയത്തിലെന്നപോലെ നമുക്ക് യേശുവിൽ വസിക്കാൻ സാധിക്കും. ആത്മാവിലും സത്യത്തിലുമുള്ള ആരാധന സാധ്യമാകുന്നത് യേശുവിൽ വസിക്കുമ്പോൾ മാത്രമാണ്. യേശുവിൽ വസിക്കുക എന്നതിനർത്ഥം യേശു പഠിപ്പിച്ചതും പ്രവർത്തിച്ചു കാണിച്ചതുമനുസരിച്ച് ജീവിക്കുകയെന്നാണ്.

ഇപ്പോൾ ഫലം തരാത്തതും ഭാവിയിൽ തരാൻ സാധ്യതയില്ലാത്തതുമായ അത്തിവൃക്ഷം ഉണങ്ങിപ്പോയ കാര്യവുമായി ബന്ധപ്പെടുത്തിയാണ് സമാന്തരസുവിശേഷങ്ങളിൽ ദൈവാലയ ശുദ്ധീകരണ രംഗം നാം വായിക്കുന്നത് (മർക്കോ 11: 12 – 20). മനഃപൂർവം, പാപത്തിൽ കഴിയുന്ന, ഫലം തരാത്ത വ്യക്തിയേയും ആരാധനയേയുമാണ് സൂചിപ്പിക്കുന്നത്. പ്രവൃത്തിയില്ലാത്ത വിശ്വാസം ശുദ്ധ നിർജീവമാണെന്ന വിശുദ്ധ യാക്കോബിന്റെ പ്രസ്താവന നമുക്ക് ഓർക്കാം. ഈ സുവിശേഷഭാഗം നല്കുന്ന പ്രധാന പ്ര യോഗിക ചിന്തകൾ പരിശോധിക്കാം.

(1) അശുദ്ധ ഹൃദയത്തോടുകൂടിയും പാപകാരമായ ലക്ഷ്യത്തോടുകൂടിയും ദൈവാലയത്തിൽ നാം ആയിരിക്കരുത്.

(2) തന്റെ ശരീരമാകുന്ന ദൈവാലയം പാപരഹിതമായി സൂക്ഷിക്കാതെ പരിശുദ്ധിതന്നെയായ ദൈവം വസിക്കുന്ന ദൈവാലയത്തിൽ ഒരാൾക്ക് ആരാധന സാധ്യമല്ല. വിശുദ്ധ പൗലോസ് എഴുതി: നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല (1 കോറി 6 : 19).

(3) ദൈവാലയം മനോഹരവും വിസ്തൃതവുമായിരിക്കുന്നത് ഏകാഗ്രമായ ആരാധനയ്ക്ക് സഹായകരമാകാം. ആരാധകന്റെ ഹൃദയവും അതുപോലെ പുണ്യാത്താൽ അലങ്കരിക്കപ്പെട്ടതും പരസ്നേഹത്താൽ വിശാലവുമായിരിക്കണമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

(4) തന്റെ സഹോദരന്റെ മനസാന്തരത്തിൽ ദുഃഖിച്ച മൂത്തപുത്രനെപ്പോലെ (ലൂക്കാ 15:28) നാം ആരാധനയെ കാണരുത്. വിജാതി

www.malankaralibrary.com

യർക്ക് സത്യാരാധനയ്ക്ക് അർഹതയില്ല; അവരെ മാറ്റിനിറുത്തണം തുടങ്ങിയ യഹൂദ ചിന്തയെ ഈ സംഭവത്തിലൂടെ യേശു തിരുത്തുകയായിരുന്നു. യേശുവിന്റെ സ്നേഹത്തിലേക്ക് മറ്റുള്ളവർ വരുന്നതിൽ ഞാൻ സന്തോഷിക്കുന്നുണ്ടോ?

(5) പെസഹാ എന്ന പദത്തിനർത്ഥം കടന്നുപോകൽ എന്നാണല്ലോ. യഹൂദരുടെ ആരാധനയിലും ഒരു കടന്നുപോകൽ ആവശ്യമായിരുന്നു. സത്യം, നീതി, സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ ഉള്ളവർ അതിൽ വളരാനായി നടത്തുന്ന ശ്രമമാണ് യഥാർത്ഥ ആരാധനയുടെ അന്തഃസത്ത. ഇക്കാര്യം മറ്റ് പല രീതിയിലും വിശുദ്ധ ബൈബിൾ വ്യക്തമാക്കിയിട്ടുണ്ട്. 'നിങ്ങളുടെ വസ്ത്രമല്ല; ഹൃദയമാണ് നിങ്ങൾ കീറേണ്ടത്" (ജോയേ 2:13; മർക്കോ 7:15).

യേശു കയറുകൊണ്ട് മനുഷ്യരെ അടിച്ചില്ല. കന്നുകാലികളെ പുറത്താക്കാനാണ് അത് ഉപയോഗിച്ചത്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ടെന്ന് യേശുതന്നെ പറഞ്ഞിട്ടുണ്ട്. ചെറിയൊരു പട്ടാളക്കൂട്ടവുമായി വലിയൊരു പട്ടാളത്തെ നേരിടാൻ സാധിക്കുമോ എന്ന് വിവേകപൂർവം ചിന്തിക്കണം. എന്നിട്ടേ യുദ്ധത്തിന് പോകാവൂ (ലൂക്കാ 14:31). യേശു തന്റെ ദൗത്യത്തിൽ വിജയിച്ചു. അതിന്റെ അനന്തരഫലങ്ങൾ ഏറ്റെടുക്കാൻ യേശു തയ്യാറുമായിരുന്നു.

പള്ളിയിൽ പ്രത്യേകമായ രീതിയിൽ യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമുണ്ട്. എന്റെ ശരീരവും ഭവനവും ദൈവം വസിക്കുന്ന ഇടങ്ങളാണ്. ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ എന്റെ ശരീരത്തിലും വീട്ടിലും ഞാൻ ചെയ്യാറുണ്ടോ? മറ്റൊരു വ്യക്തിയെ ചതിക്കുമ്പോൾ നാം ദൈവാലയം തന്നെയാണ് അശുദ്ധമാക്കുന്നത്.

**ഡോ. ജോൺ. എഫ്. ചെറിയവെളി VC**

www.malankaralibrary.com


# നവംബർ 14
# സ്കറിയായോടുള്ള അറിയിപ്പ്

## ഭാഷ്യം

### ലൂക്കാ 1:5-25

## സന്ദർഭം

സഭാസമൂഹത്തിൽ സംഭവിച്ച രക്ഷാകരരഹസ്യങ്ങൾ, തനിക്കു കൈമാറ്റം ചെയ്തുകിട്ടിയ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മമായി വിശകലനം ചെയ്ത്, തന്റെ സുവിശേഷത്തിലൂടെ നമുക്ക് നൽകുകയാണ് വിശുദ്ധ ലൂക്കാ. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ മുന്നൊരുക്കമായ സ്നാപകയോഹന്നാന്റെ ജനനം വിവരിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

## സാരം

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് സഖറിയായ്ക്കും എലിസബത്തിനും മംഗളവാർത്തയായിരുന്നു. ഇവരുടെ വ്യക്തിത്വത്തെക്കുറിച്ച് തിരുവചനം രേഖപ്പെടുത്തുന്നത് "അവർ ദൈവത്തിന്റെ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു" (ലൂക്കാ 1:6) എന്നാണ്. ദൈവശാപമെന്ന് സമൂഹം വിധിയെഴുതിയ സന്താനസൗഭാഗ്യമില്ലായ്മ അനുഭവിക്കുമ്പോഴും പ്രായം കവിഞ്ഞവരും വന്ധ്യത എന്ന തടസ്സം ഉണ്ടായിരുന്നിട്ടും അവർ പ്രാർത്ഥന

www.malankaralibrary.com

യോടെ ഒരു കുഞ്ഞിനായി കാത്തിരുന്നു. ദൈവത്തെ വെറുക്കാനോ നീതിയുടെയും പ്രതീക്ഷ യുടെയും മാർഗത്തിൽ നിന്ന് പിന്മാറാനോ അവർ തയ്യാറായില്ല. ഇതിനു ദൈവം നൽകിയ പ്രത്യുത്തര മായിരുന്നു സ്നാപകന്റെ ജന നം. വിശ്വാസത്തിന് പരിമിതികൾ ഉണ്ടായിരുന്ന സഖറിയായ്ക്ക് ദൈവിക ഇടപെടലിന് തെളിവായി നൽകപ്പെട്ടതാണ് അദ്ദേഹത്തി ന്റെ സംസാരശേഷി നഷ്ടപ്പെടൽ. പരാതി പറയാതെ, ആംഗ്യങ്ങൾ കാണിച്ച്, ഊമനായി ദൈവാലയ ത്തിലെ പൗരോഹിത്യശുശ്രൂഷ പൂർത്തിയാക്കിക്കൊണ്ട് ദൈവിക പദ്ധതിയോട് സഖറിയ സഹകരി ച്ചു. ഇങ്ങനെ തന്നോട് സഹകരിച്ച വൃദ്ധദമ്പതികൾക്കാണ് ദൈവം അനുഗ്രഹം നൽകുന്നത്.

## സന്ദേശം

ഓരോ മംഗളവാർത്തയും കാത്തിരിപ്പിനുള്ള സമ്മാനമാണ്. വലി യ അനുഗ്രഹങ്ങൾക്കായി ചിലപ്പോൾ ജീവിതത്തിന്റെ അന്ത്യഘട്ടംവ രെയും കാത്തിരിക്കേണ്ടിവന്നേക്കാം. ദൈവികപദ്ധതികൾ യഥാകാ ലം പൂർത്തിയാകാനുള്ളതാണ്. സമയം കഴിഞ്ഞുപോയി എന്നു പരിതപിക്കുന്നതിനെക്കാൾ ദൈവിക ഇടപെടലിന്റെ സമയത്തിനാ യി പ്രത്യാശയോടെ നോക്കിയിരിക്കുന്നതാണ് പ്രധാനം. ഈ കാത്തി രിപ്പിനിടയിൽ ഉണ്ടാകുന്ന വിശ്വാസത്തിന്റെ അപാകതകൾ പരിഹരി ക്കാനാണു ശിക്ഷകൾ എന്നു തോന്നാവുന്ന ചില മൗനപ്പെടുത്തലു കൾ ഉണ്ടാകുന്നത്. ഇങ്ങനെ ആത്മസമർപ്പണം നടത്തുന്നവർക്കു വേണ്ടി ദൈവം കരുതിവച്ചിരിക്കുന്ന അനുഗ്രഹങ്ങളാണ് മംഗളവാർ ത്തകൾ.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

www.malankaralibrary.com

# പ്രസംഗം

## പുണ്യംചെയ്തവർക്കുള്ള പ്രതിഫലം

ആരാധനക്രമവത്സരത്തിൽ പുതിയ കാലഘട്ടം ഇന്ന് ആരംഭിക്കുന്നു - മംഗളവാർത്താക്കാലം. സന്തോഷങ്ങൾ മാത്രം നിറഞ്ഞ വാർത്തകളുടെ കാലഘട്ടമാണിത്. ഒന്നും രണ്ടും ഞായറാഴ്ച്ചകളിൽ സ്നാപകയോഹന്നാന്റെയും ഈശോയുടെയും ജനനത്തെക്കുറിച്ചുള്ള അറിയിപ്പും മൂന്നും നാലും ഞായറാഴ്ചകളിൽ സ്നാപകയോഹന്നാന്റെയും ഈശോയുടെയും ജനനവുമാണ് നാം യഥാക്രമം വിചിന്തനവിഷയമാക്കുന്നത്. കല്ല്യാണത്തിനുശേഷം പത്തു കൊല്ലം കാത്തിരുന്നു കിട്ടുന്ന കുഞ്ഞിനെ തങ്ങളുടെ കഴിവിന്റെ ഫലമെന്നല്ല ദൈവദാനമെന്നാണ് സാധാരണ ദമ്പതികൾ പറയുന്നത്. സ്വന്തം കഴിവിലുള്ള വ്യർത്ഥാഭിമാനം അവസാനിപ്പിക്കുക. ദൈവം ഇടപെടുന്ന സമയത്തിന് വേണ്ടി കാത്തിരിക്കുക. ഇങ്ങനെയൊരു കാത്തിരിപ്പിനെക്കുറിച്ചാണ് മംഗളവാർത്താകാലത്തിലെ ആദ്യഞായറാഴ്ചയിൽ വചനം സംസാരിക്കുന്നത്.

സഖറിയായുടെയും എലിസബത്തിന്റെയും കുടുംബത്തിൽ മംഗളവാർത്തയുമായി വിരുന്നുവരുന്ന ദൈവദൂതനാണ് ഇന്നത്തെ സുവിശേഷത്തിലെ ഒരു പ്രധാനകഥാപാത്രം. സഖറിയ, പുരോഹിത ഗണത്തിൽപ്പെട്ട വ്യക്തിയായിരുന്നു. ജറുസലെമിലെ പുരോഹിതൻമാരെ 24 ഗണങ്ങളായി തിരിച്ചിരുന്നു. എന്നാൽ, ബാബിലോൺ പ്രവാസത്തിനുശേഷം നാല് ഗണങ്ങൾ മാത്രമാണ് ജറുസലേമിലേയ്ക്ക് തിരിച്ചു വന്നത് (എസ്രാ 2:36–39; 10:18–22). നെഹമിയായുടെ പുസ്തകത്തിൽ തിരിച്ചെത്തിയ നാലുഗണങ്ങളെ 24 ഗണങ്ങളായി തിരിച്ച് പരമ്പരാഗത ഗണങ്ങളുടെ പേര് നൽകുന്നുണ്ട് (നെഹ 12:1–7). ഈശോയുടെ ജനനസമയത്ത് ജറുസലെമിൽ ഏകദേശം 18000 പുരോഹിതൻമാരുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ജറുസലെം ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യേണ്ട പുരോഹിതൻമാരെ നറുക്കെടുപ്പിലൂടെയാണ് തിരഞ്ഞെടുത്തിരുന്നത്. ഇത് പുരോഹിതൻന്മാരുടെ ഉപജീവനത്തിനുള്ള മാർഗ്ഗം കൂടിയായിരുന്നു. അതിനാൽ, പുരോഹിതന്മാരുടെ വലിയ അഭിലാഷങ്ങളിൽ ഒന്നായിരുന്നു ജറുസലെം ദൈവാലയത്തിൽ ബലിയർപ്പിക്കാനുള്ള ഒരു അവസരം.

www.malankaralibrary.com

നറുക്ക് കിട്ടിയത് സഖറിയായ്ക്കാണ്. എന്നാൽ, ബലിയർപ്പിക്കാൻ അൾത്താരയ്ക്കുമുമ്പിൽ നിന്നപ്പോൾ സഖറിയായ്ക്ക് തനിക്കുണ്ടാകാൻ പോകുന്ന ഭൗതികമായ സുസ്ഥിതിയെക്കുറിച്ചല്ലായിരുന്നു ചിന്ത; മറിച്ച്, ഒറ്റ പ്രാർത്ഥന മാത്രം; തങ്ങൾക്ക് കർത്താവ് ഇടപ്പെട്ട് ഒരു കുഞ്ഞിനെ തരണം. കാരണം, ദാമ്പത്യത്തിലെ വലിയ കണ്ണുനീരാണ് മക്കളില്ലായ്മ; അന്നും ഇന്നും.

കാത്തിരിപ്പ് ഒരു കൃപയാണ്. 'ബഹുജനം പലവിധം' എന്നു പറയുന്നതുപോലെ പലവിധത്തിൽ കാത്തിരിക്കുന്നവരാണ് മനുഷ്യർ. പലപ്പോഴും ജീവിതം മുന്നോട്ട് നീങ്ങുന്നതുതന്നെ ഈ കാത്തിരിപ്പിലാണ്. ബസ്സ്റ്റാന്റിൽ, റെയിൽവേ സ്റ്റേഷനിൽ, വിമാനത്താവളത്തിലൊക്കെ നാം കാത്തിരിക്കാറുണ്ട്. വേറെചിലർ കാത്തിരിക്കുന്നത് ഒരു പക്ഷെ ജീവിതവിജയത്തിനാകാം. അല്ലെങ്കിൽ, സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടിയാകാം. യഹൂദ ജനതയും വർഷങ്ങളോളം കാത്തിരുന്നത് രക്ഷകന്റെ വരവിനായാണ്. ഈ കാത്തിരിക്കാനുള്ള കഴിവ് നഷ്ടപ്പെടുമ്പോഴാണ് ഒരു ചാൺ കയറിൽ ജീവിതം അവസാനിപ്പിക്കുന്നത്. ദൈവവും കാത്തിരിക്കുന്നവനാണ്. അനുദിനം വിത്തിന് വെള്ളവും വളവും നൽകി അവനും കാത്തിരിക്കുകയാണ്; നല്ല ഫലം കായ്ക്കുന്ന നല്ല മനുഷ്യർക്കായ്.

എങ്കിൽ, സഖറിയ- ഏലിശ്വാ ദമ്പതികളുടെ കാത്തിരിപ്പിന് കാലത്തിന്റെ പൂർണത വരുത്തുകയാണ് സ്നാപകയോഹന്നാനിലൂടെ. നീണ്ട കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കും ഉത്തരം നൽകുമ്പോൾ സഖറിയ കർത്താവിനെ സംശയിക്കുകയാണ്. "ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്. എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്" (ലൂക്കാ 1:18). പുരോഹിതൻ എന്നും അധരത്തിൽ ജ്ഞാനം സൂക്ഷിക്കേണ്ടവനാണ്. "പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം" (മലാക്കി 2:7). ദൈവം അബ്രാഹത്തിന് ഇസഹാക്കിനെ വാഗ്ദാനം ചെയ്യുമ്പോൾ അബ്രാഹവും ഇപ്രകാരം ഒരു ചോദ്യം ചോദിക്കുന്നുണ്ട്, "നൂറ് വയസ് തികഞ്ഞവന് കുഞ്ഞു ജനിക്കുമോ? തൊണ്ണൂറെത്തിയ സാറ ഇനി പ്രസവിക്കുമോ?" (ഉത്പ 17,17). അതിന് കർത്താവ് പറയുന്ന മറുപടി ഇപ്രകാരമാണ്: "നിന്റെ ഭാര്യ സാറതന്നെ നിനക്കൊരു പുത്രനെ തരും. അവനിൽനിന്ന് ഞാനൊരു വലിയ ജനതയെ പുറപ്പെടുവിക്കും" (ഉത്പ 17:19-20). ഇത് വൃദ്ധപുരോഹിതനായ

www.malankaralibrary.com

സഖറിയ തീർച്ചയായും അറിഞ്ഞിരിക്കേണ്ട ഒന്നായിരുന്നു. അതിനാൽ, ദൈവത്തിന്റെ വാഗ്ദാനത്തെ അവിശ്വസിച്ച സഖറിയായ്ക്ക് ദൈവം നൽകുന്ന അടയാളമാണ് പിന്നീട്, "യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചത് നിമിത്തം നീ മൂകനായിരിക്കും. ഇവ സംഭവിക്കുന്നതുവരെ നിനക്ക് സംസാരിക്കാൻ സാധിക്കുകയില്ല" (ലൂക്കാ 1:20). ഇത് ന്യായവും യുക്തവുമാണ്. കാരണം, അൾത്താരയ്ക്ക് മുമ്പിൽ കൂപ്പിയ കരങ്ങളോടെ സഖറിയ പ്രാർത്ഥിച്ചത് വിശ്വാസമില്ലാതെയാണ്. സഖറിയായ്ക്ക് വിശ്വാസമുണ്ടായിരുന്നെങ്കിൽ ദൈവം കുഞ്ഞിനെ സമ്മാനിച്ചപ്പോൾ സഖറിയ ഈ മറുചോദ്യം, ചോദിക്കുകയില്ലായിരുന്നു.

അടയാളങ്ങൾ ഒരിക്കലും ശിക്ഷയല്ല. അതിനാൽ, സഖറിയായുടെ 'മൂകത' ദൈവദൂതന്റെ ശിക്ഷയല്ല, മറിച്ച്, "ഇതെങ്ങനെ സംഭവിക്കും?" എന്ന സഖറിയായുടെ ചോദ്യത്തിനുള്ള ദൈവത്തിന്റെ അടയാളം മാത്രമാണ്. വിശ്വാസമില്ലാത്ത പ്രാർത്ഥനയുമായ് അൾത്താരയ്ക്കുമുമ്പിൽ നിൽക്കുന്നവർക്ക് ദൈവം ചില അടയാളങ്ങൾ സമ്മാനിക്കും; ചില മൂകതകൾ. അത് ദൈവത്തിന്റെ ഭാഗത്തു നിന്നോ സഹോദരങ്ങളിൽ നിന്നോ പ്രിയപ്പെട്ടവരിൽനിന്നോ ആകാം. അകത്തളങ്ങളിൽ ദൃഢവിശ്വാസമില്ലാത്ത പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ബലിയർപ്പണങ്ങളും ശുശ്രൂഷകളും വെറും ആംഗ്യങ്ങൾ മാത്രമാണ്. പ്രാർത്ഥനകളൊരിക്കലും ആത്മാർത്ഥതയില്ലാത്ത ആംഗ്യങ്ങളോ കാട്ടിക്കൂട്ടലുകളോ ആകരുത്.

നാട്ടിൽ മഴയില്ല. കടുത്ത വരൾച്ചയിലാണ് ഗ്രാമം മുഴുവൻ. അവസാനം നാട്ടുകൂട്ടം തിരുമാനിച്ചു, 'വരൾച്ചയിൽ നിന്ന് ആശ്വാസം ലഭിക്കുന്നതിനുവേണ്ടി, മഴ ലഭിക്കാൻ ഗ്രാമത്തിലെ എല്ലാവരും ഒരു ദിവസം ദൈവാലയത്തിൽ ഒരുമിച്ചുകൂടി ഉപവസിച്ച് പ്രാർത്ഥിക്കട്ടെ.' പ്രാർത്ഥിക്കാനായുള്ള ദിവസം വന്നെത്തി. എല്ലാവരും ദൈവാലയത്തിൽ ഒരുമിച്ചു കൂടി. പക്ഷെ, ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ ഒരുമിച്ച് കൂടിയവരിൽ കുടയുമായ് വന്നത് ഒരു കുട്ടിമാത്രമാണ്. ഇത് ചൂണ്ടികാണിച്ചപ്പോൾ ഒരധ്യാപകൻ പറഞ്ഞത്, "കുട്ടികൾ പ്രാർത്ഥിക്കുന്നത് ദൈവം കേട്ടിരുന്നെങ്കിൽ നമ്മുടെ തലയിൽ എന്നേ ഇടി തീ വീഴുമായിരുന്നു!" പ്രാർത്ഥനകൾ പലപ്പോഴും നമുക്ക് കാട്ടികൂട്ടലുകളാണ്. വിശ്വാസം നഷ്ടപ്പെട്ട പ്രാർത്ഥനകൾ ജീവൻ നഷ്ടപ്പെട്ട പ്രർത്ഥനകളാണ്.

www.malankaralibrary.com

സഖറിയ – ഏലിശ്വാ ദമ്പതികളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് "പ്രാർത്ഥനാനിർഭരമായ കുടുംബങ്ങളിൽനിന്നുമാത്രമാണ് ദൈവനിയോഗമുള്ള കുഞ്ഞുങ്ങൾ ജനിക്കുകയുള്ളൂ" എന്ന വലിയ സത്യമാണ്. ഇസ്രായേൽ സമൂഹത്തിലെ ഏറ്റവും ശക്തനായ പ്രവാചകൻമാരിൽ ഒരുവനാണ് ഏലിയ. അതേ പ്രവാചകന്റെ ശക്തിയോടും വീര്യത്തോടും കൂടിയാണ് സഖറിയ–ഏലിശ്വാ ദമ്പതികൾക്ക് ഒരു കുഞ്ഞിനെ കർത്താവ് സമ്മാനിക്കുന്നത്. ആ മകന്റെ ജനനത്തിൽ അനേകർ ആഹ്ലാദിക്കുന്നു. അവന് ദുശ്ശീലങ്ങൾ ഇല്ല. കാരണം, വീഞ്ഞോ മറ്റ് ലഹരി പദാർത്ഥങ്ങളോ അവൻ രുചിക്കില്ല. ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവൻ. ഇതുപോലെയുള്ള ഒരു മകനെ ലഭിക്കാൻ പുണ്യം ചെയ്യണം. ഇത്തരത്തിലുള്ള ഒരു മകനെയാണ് സഖറിയ – ഏലിശ്വാ ദമ്പതികൾക്ക് കർത്താവ് വാഗ്ദാനം ചെയ്യുന്നത്. ഇത് കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമാണ്.

സഹനങ്ങളിൽ കർത്താവിനെ കൈവിടാതെ കർത്താവിന്റെ വരവിനായ് കാത്തിരുന്ന ജോബിന് കർത്താവ് അവന്റെ മഹത്ത്വത്തിൽ ഉണ്ടായിരുന്ന ഐശ്വര്യത്തിന്റെ ഇരട്ടി നൽകുന്നു. പൂർവപിതാവായ ജോസഫ് വീട്ടുകാരുടെയും നാട്ടുകാരുടെയും എതിർപ്പിനും അവഹേളനത്തിനും ശത്രുതയ്ക്കും കാരണമായി സഹനത്തിന് വിധിക്കപ്പെട്ടിട്ടും കർത്താവിനെ കൈവിടാതെ കർത്താവിന്റെ വരവിനായ് കാത്തിരുന്നപ്പോൾ കർത്താവ് അവനെ വലിയ കാര്യങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കുന്നു. ദൈവം ഇടപെടുന്ന കുടുംബത്തിന്റെ പ്രത്യേകതകളിതായിരിക്കും:

1. ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരായിരിക്കുമിവർ.

2. കർത്താവിന്റെ പ്രമാണങ്ങളും കല്പനകളും കുറ്റമറ്റവിധം അനുസരിക്കുന്നവരായിരിക്കും.

ഇപ്രകാരം ജീവിച്ചിരുന്ന കുടുബത്തിന് ദൈവം സമ്മാനിച്ചതോ കണ്ണുനീരും. എന്നിട്ടും അവർ കർത്താവിനെ ഉപേക്ഷിച്ചില്ല. അതിനുള്ള സമ്മാനമാണ്, പുണ്യം ചെയ്തവർക്ക് മാത്രം ലഭിക്കുന്ന മകൻ – സ്നാപകയോഹന്നാൻ.

**ഫാ. ജോബി മേനോത്ത്**

www.malankaralibrary.com


# നവംബർ 21
# വി. ദൈവമാതാവിനോടുള്ള അറിയിപ്പ്

## ഭാഷ്യം

### ലൂക്കാ 1:26-38

## സന്ദർഭം

പരിശുദ്ധ കന്യാമറിയത്തിന് മംഗളവാർത്ത ലഭിച്ച വചനനഭാഗമാണ് ഇന്നത്തെ വിചിന്തനത്തിന് തിരുസഭ നല്കിയിരിക്കുന്നത്. ലൂക്കാ സുവിശേഷകന്റെ രചനാശൈലിയുടെ ഒരു പ്രത്യേകതയാണ് സ്ഥലകാലവിവരണത്തോടെയുള്ള സംഭവവിവരണങ്ങൾ (1,5;2,1.2; 3,1.2; 4,16 ലരേ). അത് ഇവിടെയും കാണാം. ആറാം മാസം ഗലീലിയിൽ നസ്രത്തിൽ നടന്ന സംഭവത്തിന്റെ വിവരണമാണ് പ്രതിപാദ്യം. **ആറാം മാസം** എന്നത് തൊട്ടുമുകളിൽ നല്കിയ സംഭവവിവരണത്തിന് അതായത് സഖറിയായ്ക്ക് മാലാഖയുടെ ദർശനം ലഭിച്ചിട്ട് ആറ് മാസത്തിനുശേഷമാണ് ഇത് സംഭവിക്കുന്നത് (1:36) എന്ന് വ്യക്തമാക്കാനാണ്. അക്കാലത്ത് പാലസ്തീനയുടെ വടക്കുഭാഗമായ ഗലിലിയിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയപട്ടണമായിരുന്നു നസ്രത്ത്. ആധുനീക ഇസ്രായേലിന്റെ വടക്കുഭാഗത്തുള്ള ഒരു അറബ് പട്ടണമാണ് നസ്രത്ത്. ജറുസലെമിൽനിന്ന് ഏകദേശം 150 കിലോമീറ്റർ വടക്കുമാറിയും തിബേരിയാസിൽനിന്ന് 30 കിലോമീറ്റർ തെക്ക് പടിഞ്ഞാറായും നസ്രത്ത് സ്ഥിതിചെയ്യുന്നു. നസ്രത്തിൽ നടന്ന ഒരു സംഭവമാണ് പ്രതിപാദ്യവിഷയം. ലൂക്കാ സുവിശേഷകൻ മാത്രമെ ഈ വിവരണം നല്കുന്നുള്ളൂ. ലൂക്കായുടെ സുവിശേഷമനുസരിച്ച് ഈശോയുടെ ബാല്യകാല പട്ടണവും (2:51-52), ഈശോ പരസ്യ ജീവിതം ആരംഭിക്കുന്നതും നസ്രത്തിലാണ് (4:16).

## സാരം

നസ്രത്ത് എന്ന സ്ഥലം പഴയനിയമത്തിൽ ഒരിക്കൽപോലും പ്രതിപാദ്യമായിട്ടില്ല. ഈശോയുടെ കാലത്തുപോലും വളരെ അപ്രധാനമായ ഒരുസ്ഥലമായിരുന്നു നസ്രത്ത് എന്നുവേണം കരുതാൻ.

www.malankaralibrary.com

ഒരുനന്മയും വരുകയില്ലാത്ത ഒരു ദേശമായാണ് നസ്രത്തിനെ കണ്ടിരുന്നത്. നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ വരുമോ (യോഹ 1:46) എന്ന യോഹന്നാന്റെ സുവിശേഷത്തിലെ ചോദ്യംതന്നെ ഇത് വ്യക്തമാക്കുന്നു. നസ്രത്ത് എന്ന വാക്ക് രൂപംകൊണ്ടിരിക്കുന്നത് പൊട്ടിമുളയ്ക്കുക, പുഷ്പിക്കുക എന്നൊക്കെ അർത്ഥം വരുന്ന. *നസർ* എന്ന ക്രിയാധാതുവിൽനിന്നാണ്. പഴയനിയമത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഏശയ്യായുടെ പുസ്തകം 11:1 ലാണ്. ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും എന്നതിൽ 'കിളിർ ത്തുവരും' എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് *നസർ* എന്നതാണ്.വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള ഒരു പ്രവചനമായിരുന്നു ഏശയ്യായുടെ പുസ്തകത്തിൽ ഇത്. മിശിഹാ മറിയത്തിന്റെ ഉദരത്തിൽ കിളിർത്തത് നസ്രത്തിൽ നിന്നാണ് എന്നതും ശ്രദ്ധേയമാണ്.

കന്യകാമറിയത്തിന്റെ പക്കലേക്ക് സന്ദേശവുമായി എത്തുന്നത് ഗബ്രിയേൽ മാലാഖയാണ്. **ഗബ്രിയേൽ** എന്ന വാക്കിന്റെ അർത്ഥം ദൈവം ബലവാനാണ്/ ദൈവത്തിന്റെ ശക്തൻ എന്നൊക്കെയാണ്. ദൂത് എത്തിക്കുക എന്നത് ഗബ്രിയേലിന്റെ ദൗത്യമാണ്. ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുന്ന ഏഴുമാലാഖമാരിൽ ഒരാളാണ് ഗബ്രിയേൽ (തോബി 12:15, വെളി 8:2). യഹൂദ-ക്രൈസ്തവ പാരമ്പര്യങ്ങൾ ഒരു മുഖ്യദൂതനായി ഗബ്രിയേലിനെ കരുതുന്നു. പഴയനിയമത്തിൽ ദർശനങ്ങൾ വ്യാഖ്യാനിക്കുന്നതും (ദാനി 8:15-16) മിശിഹായുടെ വരവിനെക്കുറിച്ചുള്ള സംഭവങ്ങൾ ദാനിയേലിന് വിശദീകരിച്ച് നല്കുന്നതും ഗബ്രിയേലാണ് (ദാനി 9:21-27).

**ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ്** എന്ന് പറയുന്നതിലൂടെ മിശിഹാ ദാവീദിന്റെ വംശത്തിൽ നിന്ന് വരും (2 സാമു 7:12-16; സങ്കീ 89:26-29; 132: 11; ഏശ 6:7) എന്ന പ്രതീക്ഷയുടെ പൂർത്തികരണമാണ് സംഭവിക്കുന്നത് എന്ന കാര്യം ഓർമിപ്പിക്കുന്നു. **ഗബ്രിയേൽ ദൈവത്താൽ അയയ്ക്കപ്പെട്ടു** എന്നതിലൂടെ ദൈവിക പദ്ധതിയാണ് ഇവിടെ നിറവേറ്റപ്പെടുന്നത് എന്ന കാര്യവും അവതരിപ്പിക്കുന്നു. ദൂതൻ കന്യകയോട് പറഞ്ഞത് **കൃപനിറഞ്ഞവളെ സ്വസ്തി** എന്നാണ്. മറിയത്തിന്റെ പേര് വിളിക്കാതെ 'കൃപനിറഞ്ഞവളെ' എന്നാണ് അഭിസംബോധനചെയ്തിരിക്കുന്നത്. അത് കന്യകാമറിയത്തിന്റെ കൃപാവരപൂർണതയിലേക്കും അമലോത്ഭവത്തിലേക്കും വെളിച്ചം വീശുന്ന വചനമാണ്. 'സ്വസ്തി' എന്ന് വിവർത്തനം ചെയ്

www.malankaralibrary.com

തിരിക്കുന്നത് *ഖയിറെ* എന്ന ഗ്രീക്ക് വാക്കാണ്. അതിന്റെ കൃത്യമായ അർത്ഥം ആഹ്ലാദിച്ചാലും ആനന്ദിച്ചാലും എന്നൊക്കെയാണ്. സീയോൻപുത്രിയെ ആഹ്ലാദിക്കാൻ ക്ഷണിക്കുന്ന പഴയനിയമ ഭാഗങ്ങളുടെ (ജോയേ 2:23-24; സെഫാ 3:14-17;സഖ 9:9) അതേ ശബ്ദത്തിന്റെ പ്രതിധ്വനിയാണ് ഇവിടെ ശ്രവിക്കുന്നത്. ആനന്ദിക്കേണ്ടതിന്റെ കാരണമാണ് സന്ദേശത്തിൽ പറയുന്നത്; കർത്താവ് നിന്നോടുകൂടെ എന്ന്.

പാരമ്പര്യമനുസരിച്ച്, സുവിശേഷവിവരണത്തിൽ ഇതുവരെയുമുള്ള ഭാഗങ്ങൾ മറിയം വെള്ളമെടുക്കാൻ പോയപ്പോൾ അവിടെ നടന്നു എന്നും മറിയം അഭിവാദനത്തിന്റെ സ്വരം ശ്രവിച്ച് അസ്വസ്ഥയായി ഭവനത്തിൽ തിരിച്ചെത്തി അവിടെ ഇക്കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നപ്പോൾ ദൂതൻ വീണ്ടും പ്രത്യക്ഷപ്പെട്ട് തുടർന്നുള്ള കാര്യങ്ങൾ അറിയിച്ചുഎന്നുമാണ് പറയുന്നത്. ഈ പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് നസ്രത്തിൽ മംഗളവാർത്തയുടെ രണ്ട് ദൈവാലയങ്ങൾ ഉള്ളത്. മറിയം വെള്ളം എടുക്കാൻപോയ സ്ഥലത്തുള്ള മറിയത്തിന്റെ കിണർ എന്നറിയപ്പെടുന്നതും ഗബ്രിയേൽ മാലാഖയുടെ നാമത്തിലുള്ളതുമായ ഓർത്തഡോക്സ് ദൈവാലയവും മറിയത്തിന്റെ വീടിരുന്ന സ്ഥലത്തുള്ള മംഗളവാർത്തയുടെ ദൈവാലയവും.

മറിയത്തോട് ദൂതൻ പറഞ്ഞു: 'ഭയപ്പെടേണ്ട, നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു'. ദൈവത്തിന്റെ കൃപയാലാണ് കന്യാമറിയത്തിന്റെ തിരഞ്ഞെടുപ്പ് എന്നാൽ കൃപ സ്വീകരിക്കുന്നതിന് മറിയം തന്നത്തന്നെ ഒരുക്കി എന്ന സൂചനയാണ് നീ ദൈവസന്നിധിയിൽ കൃപകണ്ടെത്തി എന്നതിലൂടെ വ്യക്തമാക്കുന്നത്. നീ അവന് യേശു എന്ന് പേരിടണം. *യഷുആ* അഥവ *യഹോഷുവാ* എന്ന ഹീബ്രുനാമത്തിന്റെ അർത്ഥം യാഹ്വേ രക്ഷിക്കും എന്നാണ്. മത്തായിയുടെ സുവിശേഷത്തിൽ യൗസേപ്പിതാവിനോട് ആവശ്യപ്പെടുന്നതും ജനിക്കാനിരിക്കുന്ന ശിശുവിന് യേശു എന്ന് പേരിടണം എന്നാണ്. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും എന്നതിലൂടെ ജനിക്കാനിരിക്കുന്നവൻ ദൈവമാണ് എന്ന് ദൈവത്തിന്റെ ദൂതൻ വെളിപ്പെടുത്തുകയാണ്. മത്തായിയുടെ സുവിശേഷത്തിലും യേശു എന്ന പേരും എമ്മാനുവേൽ എന്നപേരും പറയുന്നുണ്ട്. ഈ രണ്ടു പേരുകളും വരാനിരിക്കുന്ന ശിശു ആരാണെന്നും

www.malankaralibrary.com

(അവൻ ദൈവമാണ്) അവന്റെ ദൗത്യം (രക്ഷിക്കുക) എന്താണ് എന്നും പറയുകയാണ്. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും; അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല എന്നതിലൂടെ ദാവീദിന് വാഗ്ദാനം ചെയ്ത (2 സാമു 7:12-16) എന്നന്നേക്കുമായി സിംഹാസനത്തിൽ വാഴുന്ന മിശിഹായാണ് ജനിക്കാനിരിക്കുന്നവൻ എന്ന കാര്യമാണ് ഇതിലൂടെ വെളിപ്പെടുത്തുന്നത്. ഞാൻ പുരുഷനെ അറിയായ്കയാൽ ഇതെങ്ങനെ സംഭവിക്കും എന്ന ചോദ്യത്തിലൂടെ കന്യകയായിരിക്കേ പുത്രൻ ജനിക്കും എന്നതിലെ അത്ഭുതമാണ് വ്യക്തമാക്കുന്നത്. മറിയം നിത്യകന്യകയായിരിക്കാൻ ആഗ്രഹിച്ചിരുന്നവളാണ് എന്നകാര്യമാണ് പുരുഷനെ അറിയാതിരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഗ്രീക്കുഭാഷയിൽ ***ഗിനോസ്കോ*** എന്ന ക്രിയയോടും ഹീബ്രുഭാഷയിൽ ***യദ്അ*** എന്ന ക്രിയയോടും (രണ്ടിന്റെയും അർത്ഥം അറിയുക) പുരുഷനെ/സ്ത്രീയെ ചേർത്തുവച്ചാൽ ലൈംഗികമായ ബന്ധത്തെയും സൂചിപ്പിക്കുന്നതാണ്. ജോസഫ് എന്ന പുരുഷനുമായി വിവാഹനിശ്ചയം നടത്തിയിരുന്ന കന്യകയുടെ അടുത്തേക്ക് ദൂതനെ അയച്ചു എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് പുരുഷനെ അറിയാതിരിക്കുക എന്നത് മറിയം നിത്യകന്യകയായിരിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയാണ് വെളിപ്പെടുത്തുന്നത്. അപ്പോൾ ഉയരുന്ന ചോദ്യം പിന്നെ എന്താണ് വിവാഹനിശ്ചയം കഴിഞ്ഞിരുന്നു എന്ന് പറയുന്നത്. അപ്പോക്രിഫൽ പുസ്തകം നല്കുന്ന ഉത്തരം കന്യകയായിരിക്കാൻ ആഗ്രഹിച്ചിരുന്നവരെയും വിവാഹ ഉടമ്പടിയിൽ എന്നതുപോലെ പുരുഷന്മാരെ ഏല്പിച്ചിരുന്നു എന്ന കാര്യമാണ്. തുടർന്നുവരുന്ന 35-ാം വചനം മിശിഹായുടെ ജനനം പൂർണമായും ദൈവാരൂപിയുടെ പ്രവർത്തനമാണ് എന്ന് വ്യക്തമാക്കുന്നു. ദൈവവചനം തന്നെ മറിയത്തിൽനിന്ന് ശരീരം സ്വീകരിക്കുകയാണ് ചെയ്യുന്നത്.

## സന്ദേശം

**നസ്രത്ത് നല്കുന്ന സന്ദേശം:** മുകളിൽ കണ്ടതുപോലെ സാധാരണക്കാരന്റെ ഭാഷയിൽ ഒരു നന്മയും കാണുകയില്ലായെന്ന് കരുതിയിരുന്ന നസ്രത്ത് പുതിയനിയമ രക്ഷാകരചരിത്രത്തിലെ പ്രഥമ സ്ഥലമായി മാറുന്നു. മനുഷ്യരുടെ മുമ്പിൽ ഒരുവന് സ്ഥാനമില്ലെങ്കിലും ദൈവത്തിന്റെ പദ്ധതിയിൽ ഓരോരുത്തർക്കും സ്ഥാനമുണ്ട്

www.malankaralibrary.com

എന്ന ചിന്ത നസ്രത്ത് നമുക്ക് തരുന്നുണ്ട്. നസ്രത്തിലെ കന്യകയെ തിരഞ്ഞെടുക്കുന്നതിലൂടെയും ഇക്കാര്യം വ്യക്തമാക്കുന്നു.

**ദൈവിക പദ്ധതിയും മനുഷ്യന്റെ സഹകരണവും:** ദൈവിക പദ്ധതിക്ക് പൂർണമായും സമർപ്പിക്കുന്ന മറിയത്തെയാണ് 'ഇതാ കർത്താവിന്റെ ദാസി; നിന്റെ വചനം എന്നിൽ ഭവിക്കട്ടെ' എന്ന വചനത്തിലൂടെ കാണുന്നത്. ദൈവഹിതത്തോട് മനുഷ്യന്റെ സഹകരണവും സമർപ്പണവും ഉണ്ടാകുമ്പോഴാണ് ദൈവിക പദ്ധതി യാഥാർത്ഥ്യമാകുന്നത്. അസാധ്യമായ കാര്യങ്ങൾ സാധ്യമാകുന്നത് ദൈവവുമായുള്ള സംഭാഷണത്തിലൂടെയാണ്. മറിയം സംഭവിച്ച കാര്യങ്ങൾ മനസിൽ ധ്യാനിക്കുകയും ദൂതനോട് സംസാരിക്കുകയും ചെയ്യുന്നതിലൂടെയാണ് ദൈവികപദ്ധതി വെളിപ്പെടുത്തപ്പെടുന്നത്. മക്കളില്ലാതിരുന്ന പ്രായം കവിഞ്ഞിരുന്ന മക്കളില്ലാതിരുന്ന ദമ്പതികൾക്ക് മകനെ നല്കിയതിലൂടെയും കന്യാമറിയത്തിൽ പുരുഷസഹവാസം കൂടാതെ ശിശു ജനിക്കുന്നതിലൂടെയും – രണ്ടും മനുഷ്യരുടെ ദൃഷ്ടിയിൽ അസാധാരണ സംഭവങ്ങൾ– ദൈവത്തിന്റെ മഹത്ത്വമാണ് പ്രകീർത്തിക്കുന്നത്. മനുഷ്യദൃഷ്ടികളിൽ അസാധ്യമാണ് എന്ന് കരുതുന്ന കാര്യങ്ങൾ ദൈവകൃപയാലും ദൈവിക പദ്ധതികളുടെ ഭാഗമായും നിറവേറ്റപ്പെടുന്നു.പ്രതിസന്ധിഘട്ടങ്ങളിൽ ദൈ വത്തിൽ ശരണംവച്ച് ദൈവിക പദ്ധതികളോട് സഹകരിച്ച് മുന്നോട്ടു പോകാനുള്ള സന്ദേശം വചനഭാഗം നല്കുന്നു.

**അനുവാദം ചോദിക്കുന്ന ദൈവം:**ദൈവം തന്റെ പദ്ധതി നടപ്പിലാക്കുന്നതിന് മനുഷ്യന്റെ സമ്മതം ചോദിക്കുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ദൈവം അത്രമാത്രം മാനിക്കുന്നു എന്നത് ഇവിടെ വ്യക്തമാകുന്നു. താൻ ദൈവത്തിന് നല്കിയ സമ്മതത്തോട് എന്നും വിശ്വസ്തതപുലർത്തുന്ന മറിയത്തെയാണ് കാണുന്നത്. കാലിത്തൊഴുത്തുമുതൽ കാൽവരിവരെയും ഉണ്ടായ സഹനത്തിലും പ്രതിസന്ധികളിലും മറിയം വിശ്വസ്തതയും നമുക്കു മാതൃകയുമാണ്. ക്രിസ്തീയ ജീവിതത്തോടും ദൈവവിളിയോടും ഉണ്ടായിരിക്കേണ്ട വിശ്വസ്തതയും സമർപ്പണവും തിരുവചനം ഓർമിപ്പിക്കുന്നു.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

www.malankaralibrary.com

# പ്രസംഗം

## ഭാഗ്യനിധി

കെ.ആർ മീരയുടെ 'ഖബർ' എന്ന നോവൽ മലയാളിയുടെ വായനാഭൂമികയിൽ ചിരപ്രതിഷ്ഠ നേടിക്കഴിഞ്ഞ രചനയാണ്. കോടതിവ്യവഹാരങ്ങൾ നീതിയുടെ പല ഖബറുകളും മണ്ണിട്ടു മൂടിയിട്ടുണ്ട് എന്നൊരു ഓർമപ്പെടുത്തലാണ് ഈ നോവൽ.

എല്ലാ മനുഷ്യന്റെയും ഉള്ളിൽ ഒരു ഖബർ ഉണ്ടെന്നും ആ ഖബർ തകർത്തു പൂർണതനേടാൻ ആഗ്രഹിക്കുന്ന മനസ്സിന്റെ ശ്രമങ്ങൾ നോവലിൽ തെളിഞ്ഞുനിൽക്കുന്നുണ്ട്. 'ഒരാളുടെ സേവനങ്ങൾക്ക് മറ്റൊരാൾ നൽകുന്ന പ്രതിഫലമാണ് സ്നേഹം. അത് ഒരാൾ മറ്റൊരാളിൽ കണ്ടെത്തുന്ന പൂർണതകൂടിയാണ്.' മനുഷ്യജീവിതാനുഭവങ്ങളുടെ സങ്കലനപട്ടികയിൽ കാലംകുറിച്ചുവയ്ക്കുന്ന യാഥാർത്ഥ്യങ്ങൾകൂടി വെളിപ്പെടുത്തുന്നുണ്ട്. ഒരാൾ മറ്റൊരാളിൽ കണ്ടെത്തുന്ന പൂർണതയ്ക്ക് സ്നേഹമെന്ന് നാമകരണംചെയ്യുമ്പോൾ തീർച്ചയായും വിശുദ്ധവേദം നമ്മെ മറ്റൊരിടത്തേക്ക് കൂട്ടിക്കൊണ്ടുപോകും. നസ്രത്തിലെ ഒരു കന്യക. ഗബ്രിയേൽ മാലാഖയുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്കുശേഷം ദൈവഹിതത്തിന് മുമ്പിൽ സർവവും സമർപ്പിക്കുമ്പോൾ മറിയം സ്വർഗകോവണിയുടെ നിർണായകമായ ഒരു ചവിട്ടുപടിയാവുകയാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാര മഹാസംഭവത്തിന്റെ പ്രാരംഭം ഈ കൂടിക്കാഴ്ചയിൽ പിറവികൊള്ളുകയാണ്. മാനവോദ്ധാരണത്തിനുള്ള സ്വർഗത്തിന്റെ പദ്ധതിയിൽ മണ്ണും മനുഷ്യനും ഭാഗമായി പരിണമിക്കുകയാണ്. ആകസ്മികതകൾ നിറഞ്ഞുനിൽക്കുന്ന മനുഷ്യജീവിതത്തിൽനിന്നും സ്വർഗം വേർതിരിക്കുന്ന വ്യക്തിത്വങ്ങൾ ദൈവികപദ്ധതിയുടെ പൂർത്തീകരണത്തോളം കൈകൂപ്പി നിൽക്കുകയാണ്. ദൈവകൃപയുടെ ചാലകമായോ സഞ്ചാരപഥമായോ പരിവർത്തനപ്പെടുകയാണ്.

മറിയം ദൈവത്തിൽ കണ്ടെത്തുന്ന പൂർണതയാണ് അവളുടെ ജീവിതം. ദൈവേഷ്ടത്തിനു വിധേയപ്പെടാത്തതൊന്നും പൂർണമല്ല എന്ന തിരിച്ചറിവ് പൂർണത തേടിയുള്ള അവളുടെ അന്വേഷണങ്ങളെ അന്വർത്ഥമാക്കുന്നു. നിസ്സാരമെന്നു തോന്നിപ്പിക്കുന്ന ചില ജീവിത

www.malankaralibrary.com

ങ്ങളിലേക്ക് ദൈവം കടന്നുവരുമ്പോൾ അത് ദൈവകൃപയ്ക്ക് അനുസൃതമായി രൂപാന്തരം പ്രാപിക്കുന്നു.

പ്രാർത്ഥനാനിരതയായ മറിയം ദൈവതിരുമുമ്പാകെ കൃപനിറഞ്ഞവളും ദൈവസ്നേഹത്തിന്റെ ഒഴുക്കുചാലുമാകുമ്പോൾ രക്ഷകനെകുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും അവളിൽ നിറഞ്ഞുനിൽക്കുന്നു. മറിയാമിന്റെ ജീവിതപശ്ചാത്തലത്തിൽ ചില മുൻകുറികൾ കൂടെക്കൂടെ തെളിഞ്ഞുവരാൻ തുടങ്ങുന്നു. യഹോവയുടെ പർവ്വതമായ ഹൊറേബിൽ മുൾപ്പടർപ്പായും (പുറ 3:2), ഗോത്രപിതാവായ യാക്കോബ് ദർശനത്തിൽ കണ്ട കോവണിയാ യും (ഉത്പ 28:10-18), ന്യായപ്രമാണ പെട്ടകമായും (പുറ 25:10), മന്നാ സൂക്ഷിച്ചുവച്ച ചെപ്പായും (പുറ 16:33), അഹറോന്റെ തളിർത്ത വടിയായും (സംഖ്യ 1), ഗിദയോന്റെ രോമക്കെട്ടായും (ന്യായ 6:36), എലീഷായുടെ മൺകുടമായും (2 രാജാ 2:19-25) വിശുദ്ധ മറിയാം നമ്മെ അത്ഭുതപ്പെടുത്തുന്നുണ്ട്. അവൾ തിരുവെഴുത്തുകളുടെയും പഴയനിയമ പ്രവചനങ്ങളുടെയും പൂർണതയിലേക്ക് പ്രവേശിക്കുകയാണ്. അതുവഴി ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്താനുള്ള ഭാഗ്യനിധിയായും വിശുദ്ധ മറിയം രൂപാന്തരപ്പെടുന്നു.

ദൈവകൃപാലബ്ധി, നിർമലജീവിതം, പരിശുദ്ധാത്മവാസം, പൂർണസമർപ്പണം എന്നിവയിലൂടെ വിശുദ്ധ മറിയം ദൈവസന്നിധിയിൽ മഹിമപ്പെടുന്നു. കേവലം ഒരു ദാസിയിൽനിന്നും രാജ്ഞി പദത്തിലേക്കുള്ള മറിയാമിന്റെ ഉയർച്ച ക്രൈസ്തവന്റെ അടിസ്ഥാന മൂല്യബോധത്തെ വലിയൊരു അർത്ഥത്തിൽ പ്രോജ്ജ്വലിപ്പിക്കുന്നുണ്ട്. 'ഇതാ കർത്താവിന്റെ ദാസി. അങ്ങയുടെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ' എന്ന സമർപ്പണത്തിന്റെ വാക്കുകൾ ആഴമായ ദൈവാനുഭവത്തിലേക്കുള്ള മുന്നൊരുക്കമാണ് വിളിച്ചോതുന്നത്. ദാസിക്ക് ഇനി സ്വന്തവ്യക്തിത്വമില്ല. എല്ലാം ദൈവഹിതപ്രകാരവും ദൈവവചനപ്രകാരവും മറ്റൊന്നായി പരിണമിക്കുകയാണ്. ഉടമയുടെ/യജമാനന്റെ വ്യക്തിത്വവും വിശേഷതകളും ഇനി തന്റേതുകൂടിയായിത്തീരുന്നു. പ്രാർത്ഥന ദിനചര്യയും അലങ്കാരവുമാകുന്ന മറിയാമിന്റെ ജീവിതത്തിൽ സ്വർഗം ഇടപെടുന്നതും പ്രാർത്ഥനയുടെ വിശുദ്ധി നിറഞ്ഞുനിൽക്കുന്ന അനുഗൃഹീതവേളയിലാണ്. പ്രാർത്ഥനയുടെ

www.malankaralibrary.com

പശ്ചാത്തലത്തിൽ ഗബ്രിയേൽ ദൂതൻ ദൈവികസന്ദേശം കൈമാറുന്നു. പ്രാർത്ഥന സ്വർഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാകുന്നത് ഇത്തരം നിയോഗങ്ങളിലാണ്. ആധുനികതയുടെ പുറംപൂച്ചുകളിൽ ആത്മീയത വറ്റിപ്പോകുന്നുവെങ്കിൽ അതിനു തക്കതായ കാരണങ്ങളുമുണ്ട്. മനസ്സിന്റെ ഒരുക്കമില്ലായ്മയും എല്ലാറ്റിനെയും നമ്മുടെ പ്രയത്നഫലമായി വരച്ചുകാണിക്കാനുള്ള തത്രപ്പാടുകളും ഇവിടെ പ്രസക്തമാകുന്നുണ്ട്. എന്നാൽ വചനം ഓർമപ്പെടുത്തുന്നത് പ്രാർത്ഥനയ്ക്ക് നമ്മെ ദൈവികമായി രൂപാന്തരപ്പെടുത്താൻ കഴിയുമെന്നാണ്. സ്വർഗത്തിന്റെ ശബ്ദം കേൾക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചയമായും പ്രാർത്ഥന പതിവുചര്യയാക്കേണ്ടതുണ്ട്.

പ്രാർത്ഥനാവേളകൾ ദൈവശബ്ദം കേൾക്കാനുള്ള വിശുദ്ധ നിമിഷങ്ങളാണ്. ആ വിശുദ്ധിയിൽ നിന്നാണ് വിശ്വാസം ശക്തമാകുന്നത്. മറിയാമിന്റെ വിശ്വാസപശ്ചാത്തലം ദൃഢമായതും അങ്ങനെയാണെന്നാണ് വിശുദ്ധ സുവിശേഷം കോറിയിടുന്നത്. വിശ്വാസത്തിന്റെ ദൃഢതയിൽ നിന്നാണ് യഥാർത്ഥ സമർപ്പണം മറിയാമിൽ ഉത്ഭവിക്കുന്നത്. അതോടെ വിശ്വാസജീവിതത്തിൽ പൂർണത പ്രാപിക്കുന്ന വ്യക്തിത്വമായി വിശുദ്ധ മറിയം പരിണമിക്കുന്നു. അത് പ്രഖ്യാപിക്കുന്നതും മറിയംതന്നെയാണ് 'കണ്ടാലും ഞാൻ കർത്താവിന്റെ ദാസി. അങ്ങയുടെ വാക്കുപോലെ ഭവിക്കട്ടെ'.

വിശുദ്ധ മറിയം രക്ഷാകരചരിത്രത്തിൽ വിളങ്ങി നിൽക്കുന്നത് അനുഗൃഹീത ജീവിതമാതൃക നമ്മുടെ മുന്നിൽ വച്ചുകൊണ്ടാണ്. ആ ജീവിതത്തിലേക്കും ജീവിതവിശുദ്ധിയിലേക്കും കണ്ണുപതിപ്പിക്കുന്നവർ ദൈവകൃപയ്ക്ക് അനുസൃതമായി സ്വയം പാകപ്പെടുത്താൻ മനസ്സൊരുക്കവും മുന്നൊരുക്കവും ഉള്ളവരായിരിക്കണം.

**ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ**

www.malankaralibrary.com


# നവംബർ 28
# ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

## ഭാഷ്യം

### ലൂക്കാ 1:39-56

### സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിലെ ആദ്യ സംഭവവിവരണം സഖറിയായ്ക്ക് ദൈവാലയത്തിലുണ്ടാകുന്ന ദർശനമാണ്. പുരോഹിതനായ സഖറിയ തനിക്ക് ദൂതന്റെ ദർശനമുണ്ടായതിനുശേഷം സ്വഭവനത്തിലേക്ക് പോകുകയും സഖറിയായിൽനിന്ന് ഏലീശ്വ ഗർഭംധരിക്കുകയും ചെയ്തു (1:23-24). ആറുമാസം കഴിഞ്ഞപ്പോഴാണ് മറിയത്തിന് മംഗളവാർത്ത ലഭിക്കുന്നത്. കന്യാമറിയത്തിന് മംഗളവാർത്ത ലഭിച്ചതിനുശേഷം മറിയം ഏലീശ്വായെ സന്ദർശിക്കുന്നതിനെക്കുറിച്ചാണ് ഇന്നത്തെ വചനഭാഗം. ഗലീലിയിലെ നസ്രത്തിൽ മാലാഖയുടെ ദർശനം ലഭിച്ചതിനുശേഷം യൂദയായിലെ മലമ്പ്രദേശത്തേയ്ക്ക് പോകുന്ന മറിയത്തെയാണ് നാം കാണുന്നത്. യൂദയായിലെ മലമ്പ്രദേശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജറുസലെമിന്റെ പ്രാന്തപ്രദേശങ്ങളാണ്. ജറുസലെമിന് അഞ്ചു കിലോമീറ്റർ പടിഞ്ഞാറുഭാഗത്തായുള്ള 'ഐൻകാരം' എന്ന സ്ഥലത്തേക്കാണ് മറിയം പോകുന്നത്. അവിടെയാണ് സ്നാപകയോഹന്നാന്റെ ജന്മസ്ഥലം. ഐൻകാരം എന്ന വാക്കിന്റെ അർത്ഥം 'മുന്തരിത്തോട്ടത്തിലെ ഉറവ' എന്നാണ്. ഐൻകാരത്ത് സ്നാപകയോഹന്നാന്റെ ജന്മസ്ഥലവും മറിയം ഏലീശ്വായെകണ്ടുമുട്ടിയ സ്ഥലവും അനുസ്മരിച്ചുകൊണ്ട് ബൈസന്റൈൻ കാലംമുതൽ (നാലാം നൂറ്റാണ്ടുമുതൽ) ദൈവാലയങ്ങൾ നിർമിച്ചിട്ടുണ്ട്. മറിയം ഏലീശ്വായെ സന്ദർശിക്കുന്നതും അവരുടെ സംഭാഷണവും മറിയം ദൈവകാരുണ്യത്തെ പ്രകീർത്തിക്കുന്ന സ്തോത്രഗീതവുമാണ് ഇന്നത്തെ സുവിശേഷ സന്ദർഭം.

www.malankaralibrary.com

## സാരം

മറിയം തിടുക്കത്തിൽ പുറപ്പെട്ടു എന്നാണ് പറഞ്ഞിരിക്കുന്നത്. മറിയം അസാധാരണമായ ഒരുയാത്ര നടത്തി ശുശ്രൂഷയ്ക്കായി ഇറങ്ങി പുറപ്പെടുന്നതാണ് ഇവിടെ കാണുന്നത്. നസ്രത്തിൽനിന്ന് ഏകദേശം 150 കിലോമീറ്ററോളം യാത്ര ചെയ്താണ് മറിയം ഐൻ കാരത്ത് എത്തിച്ചേരുന്നത്. മറിയത്തിന്റെ ലക്ഷ്യം തനിക്കു ലഭിച്ച മംഗളവാർത്ത പങ്കുവയ്ക്കുകയെന്നതിനേക്കാൾ ഏലീശ്വായെ അഭിവാദനം ചെയ്യുകയായിരുന്നു; ശുശ്രൂഷിക്കുകയായിരുന്നു. മറിയം മൂന്നുമാസക്കാലം അവളുടെകൂടെ താമസിച്ചു.(1:56). മറിയം ശുശ്രൂഷയ്ക്കായി ഇറങ്ങിപുറപ്പെടുന്നതിനെ വിശേഷിപ്പിച്ചിരിക്കുന്നത് *മെത്താസ്പൂദെസ്* എന്ന ഗ്രീക്ക് ക്രിയാവിശേഷണത്തിലൂടെയാണ്. അതിന്റെ അർത്ഥം തിടുക്കത്തോടെ, തീക്ഷ്ണതയോടെ, ഉത്സാഹത്തോടെ, ക്ലേശങ്ങൾ സഹിച്ച് എന്നൊക്കെയാണ്. ശുശ്രൂഷയ്ക്കായുള്ള മറിയത്തിന്റെ തിടുക്കമാണ്, തീഷ്ണതയാണ് ഇവിടെ വ്യക്തമാക്കുന്നത്.

**മറിയം ഏലീശ്വായെ അഭിവാദനം ചെയ്തപ്പോൾ ശിശു ഉദരത്തിൽ കുതിച്ചുചാടി:** *സ്കിർതാവോ* (കുതിച്ചുചാടി) എന്ന ഗ്രീക്കു വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (1:41-44). പഴയനിയമത്തിൽ റബേക്കായുടെ ഉദരത്തിലുണ്ടായ അനുഭവത്തിനു സമാനമാണിത്. അവിടെയും *സ്കിർതാവോ* എന്ന വാക്കാണ് (ഗ്രീക്കുവിവർത്തനത്തിൽ) ഉപയോഗിച്ചിരിക്കുന്നത് (ഉത്പ 25,22.23). റബേക്കായുടെ അനുഭവം ഏസാവിനേക്കാൾ യാക്കോബിനുള്ള ഔന്ന്യത്യത്തിന്റെ സൂചനയായിരുന്നു. ഇതുപോലെ യോഹന്നാനെക്കാൾ ഉന്നതനാണ് മിശിഹാ എന്ന സൂചനയാണ് ഇവിടെയുള്ളത്(3:16). സ്വർഗത്തിൽനിന്നു ലഭിക്കുന്ന ആഹ്ലാദത്തിന്റെ പ്രകടനമായാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്.

**ഏലീശ്വാ പരിശുദ്ധാത്മാവിനാൽ പൂരിതയായി**: പരിശുദ്ധാരൂപിയാൽ പ്രചോദിതയായി ഏലീശ്വാ ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തുകയാണ്. 'എന്റെ കർത്താവിന്റെ അമ്മ' എന്ന് പ്രഘോഷിച്ചുകൊണ്ട് മറിയത്തിന്റെ ഉദരത്തിലുള്ളത് കർത്താവാണ് എന്ന് ഏറ്റുപറയുകയും അതിലൂടെ മിശിഹായുടെ ദൈവത്വവും മറിയത്തിന്റെ ദൈവമാതൃത്വവും വെളിപ്പെടുത്തുകയാണ് ഇവിടെ.

**നീ സ്ത്രീകളിൽ അനുഗൃഹിതയാണ്**: പഴയനിയമത്തിൽ സ്ത്രീകളായ ജായേലിനെക്കുറിച്ചും (ന്യായ 5:24-27); യൂദിത്തിനെക്കുറിച്ചുമാണ് (13:18) ഇപ്രകാരം പറഞ്ഞിരിക്കുന്നത്. ഇവർ രണ്ടു

www.malankaralibrary.com

പേരും ഇസ്രായേലിന്റെ ശത്രുക്കളെ തടഞ്ഞുനിർത്തിയവരും നശിപ്പിച്ചവരുമാണ്. പിശാചിന്റെ തല തകർക്കുന്നവനാണ് മറിയത്തിൽ നിന്നും ജനിക്കാനിരിക്കുന്നവൻ (ഉത്പ 3:15; 1 യോഹ 3:8) അതിനാൽ അവൾ സ്ത്രീകളിൽ അനുഗൃഹീതയാണ്.

മാഗ്നിഫിക്കാത്ത് (മഹത്ത്വപ്പെടുത്തുന്നു) എന്ന് ലത്തീൻ ഭാഷയിൽ അറിയപ്പെടുന്ന മറിയത്തിന്റെ സ്തോത്രഗീതമാണ് തുടർന്നുവരുന്നത്. ദൈവം നല്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട് ഇസ്രായേൽക്കാരുടെ ഇടയിലുണ്ടായിരുന്ന ഒരു സ്തോത്രഗീതമായിരിക്കണം മറിയം ആലപിക്കുന്നത്. പഴയനിയമഗ്രന്ഥങ്ങളിൽനിന്നുള്ള പ്രമേയങ്ങളും പ്രതീകങ്ങളും പ്രത്യേകിച്ച് 1 സാമുവേൽ 2:1-10 നോടുള്ള സാമ്യം ഇത് വ്യക്തമാക്കുന്നു. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിന്റെ പ്രധാന ദൈവശാസ്ത്രപ്രമേയമായ ദൈവകരുണ (1,58. 72. 78. 6,36; 10,25-37;16,18-31) ഈ ഗീതത്തിൽ നിഴലിച്ചുനില്ക്കുന്നു (1:50-54).

## സന്ദേശം

ഈ വചനഭാഗം നല്കുന്ന പ്രധാന സന്ദേശം: ശുശ്രൂഷയ്ക്കായി മറിയത്തിന്റെ തിടുക്കത്തിലുള്ള യാത്രയാണ്. മിശിഹായുടെ അമ്മയാകാൻ വിളിക്കപ്പെട്ട നിമിഷംമുതൽ അമ്മയുടെ സ്ഥാനത്തുനിന്ന് ശുശ്രൂഷചെയ്യാൻ ഇറങ്ങിപുറപ്പെടുന്ന മറിയത്തെയാണ് കാണാൻ സാധിക്കുന്നത്. പ്രായം കവിഞ്ഞവളായിരുന്നു ഏലീശ്വാ. അപ്പോക്രിഫൽ പുസ്തകമനുസരിച്ച് മറിയത്തിന്റെ ഇളയമ്മയാണ് ഏലീശ്വ. മറിയം ഏലീശ്വായെ സന്ദർശിച്ച് മൂന്നുമാസം ശുശ്രൂഷചെയ്തു എന്ന് പറയുമ്പോൾ ഏലീശ്വായുടെ പ്രസവസമയത്ത് അവൾക്ക് മറിയം ശുശ്രൂഷചെയ്തു എന്നുവേണം മനസിലാക്കാൻ. പ്രായംകവിഞ്ഞവളായ ഏലീശ്വായുടെ അമ്മ ജീവിച്ചിരിക്കാൻ സാധ്യത കുറവാണ്. മറിയം അമ്മയുടെ സ്ഥാനത്തുനിന്ന് ശുശ്രൂഷചെയ്യുന്നു. മിശിഹായുടെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ടതുമുതൽ എല്ലാവരുടെയും അമ്മയായി മറിയം മാറുകയാണ്. മിശിഹാ തന്റെ അമ്മയെ ചൂണ്ടികാണിച്ചുകൊണ്ട് വിശുദ്ധ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന ഏക കാര്യം ഇതാ നിന്റെ അമ്മ എന്നതാണ് (യോഹ 19:27). മിശിഹായുടെ ദൈവമാതൃത്വവും ലോകമാതൃത്വവും ഇവിടെ വ്യക്തമാവുകയാണ്. അവൾ എല്ലാ ജീവജാലങ്ങളുടെയും അമ്മയായ ഹവ്വായുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയാണ്.

www.malankaralibrary.com

ദൈവകൃപ സ്വീകരിച്ചവർ മറ്റുള്ളവർക്ക് ദൈവകൃപയുടെ അടയാളമായി, ഉപകരണമായി വർത്തിക്കണം എന്ന് മറിയം പഠിപ്പിക്കുന്നു. ദൈവികചൈതന്യം ആവസിച്ചവളായ മറിയം ആ ദൈവികചൈതന്യം ഏലീശ്വാ അനുഭവിക്കാൻ ഇടയാക്കുന്നു. മറിയത്തിന്റെ അഭിവാദനം ഏലീശ്വായിലും ഉദരത്തിൽ കഴിഞ്ഞിരുന്ന ശിശുവിനും ആനന്ദത്തിന്റെ, ആഹ്ലാദത്തിന്റെ നിമിഷങ്ങളായിമാറി. എളിമയിൽ മഹത്ത്വം കണ്ടെത്തുന്ന മറിയമാണ് നമുക്ക് മാതൃക. മാലാഖ മറിയത്തോടു പറഞ്ഞു: മറിയമേ, നീ അനുഗൃഹീത; കർത്താവ് നിന്റെ കൂടെയുണ്ട്; ഏലീശ്വാ മറിയത്തോടു പറഞ്ഞു: കർത്താവ് അരുൾ ചെയ്തവ പൂർത്തിയാകുമെന്ന് വിശ്വസിച്ചതുകൊണ്ട് നീ അനുഗൃഹീത. എന്നാൽ മറിയത്തിന്റെ വാക്കുകളിൽ തന്റെ ദാസിയുടെ താഴ്മയെ കർത്താവ് അനുഗ്രഹിച്ചതാണ് തന്റെ മഹത്ത്വത്തിന് നിദാനം. ദൈവഹിതത്തിന് സ്വയംസമർപ്പിച്ച ഇതാ കർത്താവിന്റെ ദാസി എന്ന മനോഭാവമാണ് മറിയത്തിന്റെ മഹത്ത്വം.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

---

# പ്രസംഗം

## പരിശുദ്ധ അമ്മയുടെ സ്തോത്രഗീതം

രക്ഷകന്റെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ മറിയവും രക്ഷകന്റെ മുന്നോടിയായി കടന്നുവന്ന സ്നാപകയോഹന്നാന്റെ അമ്മയായ എലിസബത്തും തമ്മിലുള്ള കൂടിക്കാഴ്ചയും മറിയത്തിന്റെ സ്തോത്രഗീതവുമാണ് ഇന്നത്തെ ചിന്താവിഷയം. ഈ സുവിശേഷഭാഗം പ്രധാനമായും 3 ചിന്തകളാണ് നമ്മിലുണർത്തുക.

**1. നമ്മുടെ ഉള്ളിലെ ദൈവികസാന്നിധ്യം മറ്റുള്ളവരിൽ ആത്മീയ അനുഭൂതി ഉണർത്തുന്നതാകണം:** ദൈവത്തെ ഉദരത്തിൽ വഹിച്ചു പരിശുദ്ധ അമ്മയുടെ സാന്നിധ്യത്തിൽ എലിസബത്തും അവളുടെ ഉദരത്തിൽ കിടന്നിരുന്ന ശിശുവും പരിശുദ്ധാത്മാവു നിറഞ്ഞവരായി. ദൈവികസാന്നിധ്യം ഉള്ളിൽ പേറുന്നവർ കടന്നുചെല്ലുന്ന ഇടങ്ങളൊക്കെ ദൈവാനുഗ്രഹത്തിന്റെ ഇടങ്ങളായി

www.malankaralibrary.com

മാറ്റപ്പെടും. പഴയനിയമത്തിൽ ജോസഫിന്റെ ജീവിതത്തെക്കുറിച്ച് നമ്മൾ ഇങ്ങനെ വായിക്കും: "കർത്താവ് അവന്റെ കൂടെയുണ്ടെന്നും അവൻ ചെയ്യുന്നതൊക്കെ അവിടുന്ന് മംഗളകരമാക്കുന്നെന്നും അവന്റെ യജമാനന് മനസ്സിലായി. അങ്ങനെ പൊത്തിഫർ തന്റെ വീടിന്റെ മേൽനോട്ടവും തനിക്കുള്ള എല്ലാറ്റിന്റെയും ചുമതലയും ജോസഫിനെ ഏൽപ്പിച്ചു. ആ ഈജിപ്തുകാരൻ വീടിന്റെ മേൽനോട്ടവും തനിക്കുള്ള എല്ലാറ്റിന്റെയും ചുമതലയും ജോസഫിനെ ഏൽപ്പിച്ച നാൾമുതൽ ജോസഫിനെ ഓർത്ത് കർത്താവ് അവന്റെ വീടിനെ അനുഗ്രഹിച്ചു" (ഉത്പ 39:3-5). ജോസഫിനെ ഓർത്താണ് കർത്താവ് പൊത്തിഫറിനെ അനുഗ്രഹിച്ചത്. അതായത്, ദൈവിക സാന്നിധ്യത്താൽ നിറഞ്ഞ ജോസഫ് കടന്നുചെന്ന ഇടങ്ങളൊക്കെ ദൈവാനുഗ്രഹത്തിന്റെ ഇടങ്ങളായി മാറി. ജോസഫിലെ ദൈവിക സാന്നിധ്യം മറ്റുള്ളവർക്ക് അനുഗൃഹീതമായതുപോലെ നമ്മുടെ ഉള്ളിലെ ദൈവിക സാന്നിധ്യം തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നുണ്ടോ? അത് മറ്റുള്ളവരിൽ ഒരു ദൈവികമായ അനുഭൂതി ഉണർത്തുന്നുണ്ടോ? എന്ന് ചിന്തിക്കാം.

2. **ദൈവിക പദ്ധതിയിൽ പൂർണമായി വിശ്വാസമർപ്പിക്കുക**: ലൂക്കാ 1:45-ൽ എലിസബത്ത് പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുന്നത് "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" എന്നാണ്. കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കുക എന്നുള്ളത് മാനുഷിക ദൃഷ്ടിയിൽ അസാധ്യമായ ഒരു കാര്യമായിരുന്നിട്ടുപോലും ദൈവത്തിന്റെ വാക്കിൽ പൂർണമായി വിശ്വസിക്കാൻ മറിയം തയ്യാറായി. 'ദൈവത്തിന് ഒന്നും അസാധ്യമല്ല' എന്ന് ദൂതൻ അമ്മയോട് പറയുമ്പോൾ, അമ്മയുടെ മറുപടി 'ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! എന്നാണ്. പരിശുദ്ധ അമ്മയുടെ ഈ ജീവിത നിലപാട് സ്വന്തമാക്കാൻ നമുക്ക് സാധിക്കണം. ജീവിതത്തിലെ സങ്കീർണമായ പ്രശ്നങ്ങളുടെ മുമ്പിൽ സകല പ്രതീക്ഷകളും നഷ്ടപ്പെടുമ്പോൾ, ഇനിയെങ്ങനെ എന്നറിയാതെ പകച്ചുനിൽക്കുമ്പോൾ പരിശുദ്ധ അമ്മ ദൈവത്തിന്റെ വാക്കിൽ പൂർണമായി വിശ്വസിച്ചതുപോലെ വിശ്വസിക്കാൻ നമുക്കും സാധിക്കണം- "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്" നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്- നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാ

www.malankaralibrary.com

Date of Publication: 13 October 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 98)

ശയും നൽകുന്ന പദ്ധതി.' ഈ ദൈവിക പദ്ധതിയിൽ പൂർണമായി വിശ്വാസമർപ്പിക്കാനും ഈ ദൈവികപദ്ധതിയോട് സഹകരിക്കാനും നമ്മൾ തയ്യാറാകണം.

3. **കൃതജ്ഞതയുടെ സ്തുതിഗീതം ആലപിക്കുന്നവരായി മാറണം:** ലത്തീൻ ഭാഷയിൽ '*മാഗ്നിഫിക്കാത്*' എന്ന് വിശേഷിപ്പിക്കുന്ന പരിശുദ്ധ അമ്മയുടെ സ്തോത്രഗീതം– ദൈവം തന്റെ ജീവിതത്തിൽ ചെയ്ത എല്ലാ വലിയ കാര്യങ്ങളെയും അനുസ്മരിച്ചുകൊണ്ടുള്ള കൃതജ്ഞതയുടെ സ്തുതിഗീതമാണ്. നമ്മുടെ അനുദിനജീവിതത്തിൽ, നമ്മെ പരിപാലിച്ചു വഴിനടത്തുന്ന ദൈവത്തിന് കൃതജ്ഞത അർപ്പിക്കാൻ നമുക്ക് സാധിക്കണം. നന്ദി അർപ്പിക്കുന്ന ഒരുവനുമാത്രമേ ദൈവസ്നേഹത്തിൽ വളരാനും ആഴപ്പെടാനും സാധിക്കുകയുള്ളൂ. സങ്കീർത്തകൻ നമ്മെ ഓർമിപ്പിക്കുന്നു; "കർത്താവിന് കൃതജ്ഞത അർപ്പിക്കുവിൻ അവിടുന്ന് നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു. അവിടുത്തെ കാരുണ്യം ശാശ്വതമാണ്." ദൈവസ്നേഹത്തിലേക്ക് വളരാനുള്ള ആദ്യത്തെ പടിയാണ് നന്ദി അർപ്പിക്കുക എന്നുള്ളത്. ചെറിയ നന്മകൾക്കുപോലും നന്ദി അർപ്പിച്ചുതുടങ്ങുമ്പോൾ, ഹബക്കുക്ക് പ്രവാചകനെപ്പോലെ ദൈവത്തിൽ ആനന്ദിക്കാനും ദൈവത്തിന് നന്ദിപറയാനും സാധിക്കും– "അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും." (ഹബ 3:17–18) ഇപ്രകാരം കൃതജ്ഞതയുടെ സ്തുതിഗീതം ആലപിക്കുന്നവരായി മാറാൻ നമുക്ക് സാധിക്കട്ടെ.

**ഫാ. എബ്രഹാം തോമസ് മുരുപ്പേൽ**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*